**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദിവസ/കരാർ വേതന ജീവനക്കാരുടെ ഹാജർനില കോവിഡ് പശ്ചാത്തലത്തിൽ 25%, 50% എന്നിങ്ങനെയായി തുടർന്ന കാലയളവിലെ വേതനം അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വ്യയം-സി) വകുപ്പ്**

സ.ഉ (പി) നം.100/2021/ധന തീയതി, തിരുവനന്തപുരം, 19/07/2021

---

പരാമർശം:- 1. സ.ഉ(പി) നം.82/2021/ധന, തീയതി: 14/06/2021

**ഉത്തരവ്**

പരാമർശം(1) പ്രകാരം കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ദിവസ/കരാർ വേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന ലോക്ക്ഡൗൺ കാലയളവിൽ വേതനം അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ പ്രഖ്യാപിച്ചിരുന്ന സമ്പൂർണ്ണ ലോക്ക്ഡൗണിനു ശേഷം കോവിഡ് വ്യാപനത്തിനനുസരിച്ച് മേഖല അടിസ്ഥാനത്തിലെ നിയന്ത്രണത്തിനനുസരിച്ച് സ്ഥിരം ജീവനക്കാർക്ക് അനുവദിക്കുന്ന ഹാജർനിലയിലെ വ്യതിയാനം ടി സ്ഥാപനങ്ങളിലെ കരാർ/ദിവസ വേതന ജീവനക്കാർക്കും ബാധകമാക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു.

സ്ഥിരം ജീവനക്കാർക്ക് ഹാജർ ഇളവ് നൽകുന്ന സാഹചര്യങ്ങളിൽ ടി ആനുകൂല്യം കരാർ/ദിവസ വേതന ജീവനക്കാർക്കും ലഭ്യമാകുന്ന രീതിയിൽ അവരുടെ ഹാജർ നില ക്രമപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. 50%, 25% എന്നിങ്ങനെ ഹാജർ നിഷ്കർഷിക്കുന്നിടത്ത് കരാർ/ദിവസവേതന ജീവനക്കാർ പ്രവർത്തിദിനങ്ങളുടെ യഥാക്രമം 50%, 25% മോ അതിലധികമോ ദിവസങ്ങൾ ജോലിക്ക് ഹാജരാകുന്നെങ്കിൽ ടി കാലയളവിൽ ഹാജരാകേണ്ടിയിരുന്ന മുഴുവൻ പ്രവർത്തി ദിവസങ്ങളും ഡ്യൂട്ടി ചെയ്തതായി കണക്കാക്കി വേതനം നല്കുന്നതിനും; 50% , 25% ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**

**ധനകാര്യ (വ്യയം) സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -I), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം
4. അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
5. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/ കോഴിക്കോട്/എംജി/ കണ്ണൂർ, സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി , കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഗവർണറുടെ സെക്രട്ടറി
13. മുഖ്യമന്ത്രിയുടേയും, മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
14. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
15 .എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
16. പ്രതിപക്ഷ നേതാവിന്റെയും സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
17. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
18. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
19. എല്ലാ ജില്ലാ ട്രഷറികൾ/ സബ് ട്രഷറികൾ
20. നോഡൽ ഓഫീസർ, www.finance.kerala.gov.in
21. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ